## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 476** — **27.09.2016_ൽ മറുപടിയ്ക്ക്**

### മംഗലം ഡാം ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ: | | ശ്രീ.എ.സി.മൊയ്തീൻ<br>[സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി] | |
| [എ] | ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാം ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | [എ] | ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാം നിലവിൽ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. |
| [ബി] | മംഗലം ഡാം ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്നറിയിക്കാമോ; | [ബി] | കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ധന സഹായത്തോടെ 2007-2008 സാമ്പത്തിക വർഷം അനുവദിച്ചു കിട്ടിയ 3,72,19,000/- രൂപയുടെ പദ്ധതികൾ പൂർത്തീകരണം കഴിഞ്ഞ് സഞ്ചാരികൾക്കായി തുറന്ന് നൽകിയിട്ടുണ്ട്. |
| (സി] | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് തടസ്സമെന്തെങ്കിലും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി] | ബാധകമല്ല. |
| (ഡി) | പ്രസ്തുത പദ്ധതിയിൻകീഴിൽ ദിവസവേതനാടിസ്ഥാനത്തിലോ, കരാറടിസ്ഥാനത്തിലോ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ എത്രനാളത്തേക്കെന്ന് വ്യക്തമാക്കുമോ ? | (ഡി) | ദിവസവേതനാടിസ്ഥാനത്തിൽ 10 പേരെ മേയ് 2012 – ൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ക്ലീൻ ഡെസ്റ്റിനേഷന്റെ ഭാഗമായി 3 കുടുംബശ്രീ പ്രവർത്തകരെയും ആഗസ്റ്റ് 2014 മുതൽ നിയമിച്ചിട്ടുണ്ട്. ഇവർ ഇപ്പോഴും തുടരുകയാണ്. |

സെക്ഷൻ ഓഫീസർ